# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 55 | 27.09.2016-ലെ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ബാബു<br>,, എ. പ്രദീപ്കുമാർ<br>,, മുരളി പെരുനെല്ലി<br>,, ജോർജ് എം. തോമസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നടപ്പിലാക്കുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. സേവന നികുതി വിഹിതം കൂടി ലഭിക്കുന്നതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ബി) | പുതിയ നികുതി സംവിധാനം അവശ്യ സാധനങ്ങൾക്ക് നികുതി യിളവ് നൽകാൻ അനുമതി നൽകുന്നതാണോ; ഇല്ലെങ്കിൽ ഇത് അവശ്യസാധനങ്ങളുടെ വില ഉയരുന്നതിനിടയാക്കി സാധാര ണക്കാർക്ക് ദ്രോഹകരമാകുമോ യെന്ന് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിൽ ചർച്ചകൾ പുരോഗമിക്കുന്നതിനാൽ അന്തിമ തീരുമാനമായിട്ടില്ല. |
| (സി) | നികുതി നിരക്കിൻമേൽ സംസ്ഥാനത്തിന് യാതൊരു | (സി) | ചരക്ക് സേവന നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് |

| | | | |
|---|---|---|---|
| | നിയന്ത്രണവുമില്ലാത്തത് വികസന ക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ഗുണകരമായിരിക്കുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. അതുകൊണ്ടു തന്നെ ജി.എസ്.ടി നടപ്പിലാക്കുന്നത് വികസനക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.<br>ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതു കാലത്തെ നികുതി വരുമാന വളർച്ചയാണ് നഷ്ടപരിഹാരത്തിന് ആധാരമാക്കേണ്ടത് എന്ന കാര്യത്തിൽ തർക്കം നിലനില്ക്കുന്നുണ്ട്. നമ്മൾ കഴിഞ്ഞ 6 വർഷത്തിൽ ഏറ്റവും നല്ല 3 വർഷത്തെ ശരാശരി കണക്കിലെടുക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. |

S/d Latheesh
സെക്ഷൻ ഓഫീസർ